LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്, നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ നിർദ്ദേശമനുസരിച്ച് സർക്കാർ 2009 ഡിസംബർ 16-ാം തീയതി കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് 2010 ജനുവരി 29-ാം തീയതിയിലെ 841/ലെഗ്.യുണി.1/2010/നിയമം നമ്പർ വിജ്ഞാപനപ്രകാരം വീണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിലുള്ള നിയമത്തിൽ ക്ഷേമനിധി നിലവിൽ വന്ന് 5 വർഷം, പ്രതി വർഷം 500 ലിറ്റർ എന്ന നിലയിൽ സംഘങ്ങളിൽ പാലൊഴിക്കുന്നവർക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. അതിൽ താഴെപ്പറയുന്ന പ്രധാന മാറ്റങ്ങൾ വരുത്തുന്നതിനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

i കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഗ്രാന്റ്/വായ്പകൾ, മുൻകൂറുകൾ എന്നിവയ്ക്ക് പുറമേ "വിഹിതം" ലഭിക്കുവാൻ വേണ്ട വ്യവസ്ഥ ഉണ്ടാകുന്നതിന്.

ii ശാരീരിക അവശത മൂലം പെൻഷൻ ലഭിക്കേണ്ടവർക്കു കൂടി 10 വർഷം എന്ന കാലാവധി 5 വർഷമാക്കി മാറ്റുന്നതിന്.

iii ഓർഡിനൻസ് കാലാവധിയിൽ അംഗത്വം കൊടുക്കുകയും, അന്ന് പ്രായം 60 വയസ്സാകാത്തതിനാലോ, പത്ത് വർഷം തികയാത്തതിനാലോ, പെൻഷൻ നൽകാൻ കഴിയാത്ത ക്ഷീരകർഷകർക്കു കൂടി പെൻഷൻ ലഭ്യമാക്കാൻ.

iv മരണപ്പെട്ട് പോകുന്ന ഒരംഗത്തിന്റെ അവകാശിക്ക് ആനുകൂല്യം ലഭിയ്ക്കാനായി മരണപ്പെട്ട അംഗം പാലളന്ന കാലയളവു കൂടി പരിഗണിക്കുന്നതിന്.

v അംശാദായ കുടിശ്ശിക വരുന്നതായാൽ റവന്യൂ റിക്കവറി നിയമപ്രകാരം അത് ഈടാക്കാൻ ഫലപ്രദമായ നടപടി.

## മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതിക്കായി സമർപ്പിച്ച പദ്ധതികൾ

184 (189) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ കേന്ദ്രാനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഓരോ പദ്ധതിക്കും എത്ര കോടി രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാൻ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ;

(ഇ) കേരളത്തെ കാലിരോഗവിമുക്തമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് :-

കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രധാന പദ്ധതികൾ :

തുടർപദ്ധതികൾ

1. കുളമ്പുരോഗ നിയന്ത്രണ പദ്ധതി (എഫ്.എം.ഡി.സി.പി.)-100% കേന്ദ്രസഹായം
2. കന്നുകാലി സെൻസസ്-100% കേന്ദ്രസഹായം
3. കൺസർവേഷൻ ഓഫ് ത്രട്ടന്റ് ബ്രീഡ്സ്-100% കേന്ദ്രസഹായം
4. ഓപ്പറേഷൻ സീറോ റിന്റർപെസ്റ്റ് (കാലിവസന്ത നിർമ്മാർജ്ജന പദ്ധതി)-100% കേന്ദ്രസഹായം
5. സ്റ്റാറ്റിസ്റ്റിക്സ് സാമ്പിൾ സർവ്വേ-50% കേന്ദ്രസഹായം
6. സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ-50% കേന്ദ്രസഹായം
7. അസ്കാഡ്-75% കേന്ദ്രസഹായം
8. നാഷണൽ ഫോഡർ പ്രൊഡക്ഷൻ-75% കേന്ദ്രസഹായം
9. കോഴി-താറാവ് വളർത്തൽ പദ്ധതി-80% കേന്ദ്രസഹായം
10. സംയോജിത് കന്നുകാലി വികസന പദ്ധതി-ഒറ്റത്തവണ കേന്ദ്രസഹായം
11. വിദർഭ പദ്ധതി
12. രാഷ്ട്രീയ കൃഷി വികാസ്യോജന
13. സുനാമി പുനരധിവാസ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

മറ്റുപദ്ധതികൾ :

1. പുൽകൃഷി വികസന പദ്ധതി
2. കർഷകരിലൂടെ മലബാറി ഇനത്തിൽപ്പെട്ട ആടുകളെ സംരക്ഷിക്കുന്ന പദ്ധതി
3. കർഷകർക്കും കന്നുകാലികൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി
4. സ്കൂൾ കുട്ടികളിലൂടെ അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി
5. ആന്റി ബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റ്
6. അട്ടപ്പാടി ആടുകളെ സംരക്ഷിക്കുന്ന പദ്ധതി
7. പഞ്ചായത്തുകളിൽ മിനി അറവുശാലകൾ സ്ഥാപിക്കുന്ന പദ്ധതി
8. കർഷകർക്ക് വീഡിയോ കോൺഫറൻസിലൂടെ സാങ്കേതിക വിവരം ലഭ്യമാക്കുന്ന പദ്ധതി

ക്ഷീര വികസന വകുപ്പ് :

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതിക്കായി "ക്ഷീരപഥം", "ഫോഡർ ഡവലപ്മെന്റ് പ്രോഗ്രാം" എന്നീ 2 പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

മിൽമ :

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് മിൽമ ശുദ്ധമായ പാൽ സംഭരണ പദ്ധതി (സി.എം.പി.), സമഗ്ര വികസന പദ്ധതി (ഐ.ഡി.ഡി.പി.), ആർ.കെ.വി.വൈ, സ്പെഷ്യൽ പാക്കേജ് ഇൻ സൂയിസൈഡ് ഡിസ്ട്രിക്ട് എന്നീ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കേരള ഫീഡ്സ് ലിമിറ്റഡ് :

കേരള ഫീഡ്സ് താഴെ പറയുന്ന 5 പദ്ധതികൾ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1. കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്ന 300 മെട്രിക് ടൺ സ്ഥാപിതശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിക്കായുള്ള പദ്ധതി
2. പാലക്കാട് ജില്ലയിൽ മുതലമടയിൽ സ്ഥാപിക്കുന്ന വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റിനുള്ള പദ്ധതി
3. മലപ്പുറം ജില്ലയിൽ ആതവനാട് സ്ഥാപിക്കുന്ന ധാതുലവണ മിശ്രിത യൂണിറ്റിനുള്ള പദ്ധതി



LIBRARY ARCHIVES Kerala Legislative Assembly

4. കല്ലേറ്റുംകരയിൽ നിലവിലുള്ള ഫാക്ടറിയുടെ നവീകരണത്തിനുള്ള പദ്ധതി

5. കേന്ദ്രസർക്കാരിന്റെ മാതൃശിശു വികസന മന്ത്രാലയത്തിന്റെ STEP സ്കീമിൽ നിർദ്ധനരായ വനിതകൾക്ക് സൗജന്യമായി ആടുകളെ നൽകുന്നതിനുള്ള പദ്ധതി.

<u>കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് :</u>

ഹൈടെക് ഡയറി, ഇടുക്കി, കുട്ടനാട് പാക്കേജുകളുടെ കീഴിലുള്ള പദ്ധതികൾ.

(ബി) <u>മൃഗസംരക്ഷണ വകുപ്പ് :</u>

2006-2007 സാമ്പത്തിക വർഷം കന്നുകുട്ടി പരിപാലന പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ "മിഷൻ ഫോർ പോവർട്ടി എലിവിയേഷൻ" എന്ന കേന്ദ്ര ഒറ്റത്തവണ ധനസഹായത്തോടുകൂടി 3 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുകയുണ്ടായി.

കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കൊല്ലം, ഇടുക്കി എന്നീ ജില്ലകളെക്കൂടെ ഉൾപ്പെടുത്തി കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിന്റെ ഒറ്റത്തവണ ധനസഹായമായി കഴിഞ്ഞ സാമ്പത്തിക വർഷം 10 കോടി രൂപ കേന്ദ്രം അനുവദിക്കുകയും അതിന്റെ ആദ്യഗഡുവായി 3 കോടി രൂപ ലഭിക്കുകയും ചെയ്തു. 2007-08 സാമ്പത്തിക വർഷം തീറ്റപ്പുൽ വികസനത്തിനായി കെ.എൽ.ഡി. ബോർഡ് സമർപ്പിച്ച പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും 133 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഇതുകൂടാതെ കർഷക ആത്മഹത്യ പ്രേരിത ജില്ലകളായ കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ വിദർഭ പദ്ധതി നടപ്പിലാക്കിവരുന്നു. സുനാമി ബാധിച്ച 9 ജില്ലകളിൽ സുനാമി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതിപ്രകാരം മൃഗസംരക്ഷണ മേഖലയിൽ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ധനസഹായത്തോടുകൂടി 2007-08 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത തുടർപദ്ധതികൾക്കും കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചുവരുന്നു.

<u>ക്ഷീരവികസന വകുപ്പ് :</u>

കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മിൽമ :

സമർപ്പിച്ച എല്ലാ പദ്ധതികൾക്കും അനുമതി ലഭിച്ചിട്ടുണ്ട്. ശുദ്ധമായ പാൽ സംഭരണപദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കാൻ അനുമതി ലഭിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിക്ക് അനുമതി ലഭിച്ചു. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ പാക്കേജ് ഇൻസൂയിസൈഡ് ഡിസ്ട്രിക്ടിനും വയനാട് ജില്ലയിൽ ആർ.കെ.വി.വൈ. പദ്ധതിക്കും അനുമതി ലഭിച്ചു.

കേരളാ ഫീഡ്സ് ലിമിറ്റഡ് :

കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്ന കാലിത്തീറ്റ ഫാക്ടറിക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിപ്രകാരം സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ഇതിനോടകം 9 കോടി രൂപ ഈ പ്രോജക്ടിന് അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മുതലമടയിൽ സ്ഥാപിക്കുന്ന വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റിന് കേന്ദ്ര സർക്കാരിൽ നിന്ന് 21.25 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. കല്ലേറ്റുംകരയിൽ നിലവിൽ പ്രവർത്തിക്കുന്ന ഫാക്ടറിയുടെ നവീകരണത്തിനായി 35.46 ലക്ഷം രൂപ കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് :

സമർപ്പിച്ച പദ്ധതികൾക്കെല്ലാം അനുമതി ലഭിച്ചുകഴിഞ്ഞു.

(സി) മൃഗസംരക്ഷണ വകുപ്പ് :-

2006-07 കാലയളവിൽ 8 കേന്ദ്രാവിഷ്കൃത തുടർപദ്ധതികൾക്കായി 494.3 ലക്ഷം രൂപയും ഒറ്റത്തവണ അധികകേന്ദ്ര സഹായമായി 3 കോടി രൂപ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ "മിഷൻ ഫോർ പോവർട്ടി എലിവിയേഷൻ" പദ്ധതിപ്രകാരം അനുവദിക്കുകയും 113.13 ലക്ഷം രൂപ ആ സാമ്പത്തിക വർഷം ലഭിക്കുകയും ചെയ്തു.

2007-08 സാമ്പത്തിക വർഷം 9 കേന്ദ്രാവിഷ്കൃത തുടർപദ്ധതികൾക്കായി 789.11 ലക്ഷം രൂപയും, തൊട്ടുമുമ്പ് സാമ്പത്തിക വർഷം നടപ്പിലാക്കിയ ഒറ്റത്തവണ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 136 ലക്ഷം രൂപയും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷവും 8 കേന്ദ്രാവിഷ്കൃത തുടർപദ്ധതികൾക്കായി 886.6 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഇതുകൂടാതെ പാൽ, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 6860 കർഷകർക്ക് ധനസഹായം ലഭിക്കുന്നതിനായി ഒരു ഒറ്റത്തവണ കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ഇതുപ്രകാരം ഇതിന്റെ ആദ്യഗഡുവായി 3 കോടി രൂപ ലഭിച്ചത് ചെലവാക്കാനും സാധിച്ചു.

ഇതുകൂടാതെ ആത്മഹത്യാ പ്രേരിത ജില്ലകളായ കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ വിദർഭ പാക്കേജിലൂടെ 2006-07-ൽ 15.17 കോടി രൂപയും 2007-08-ൽ 13.72 കോടി രൂപയും 2008-09-ൽ 13.64 കോടി രൂപയും കേന്ദ്രത്തിൽനിന്നും ലഭിക്കുകയുണ്ടായി. സുനാമി പുനരധിവാസ പദ്ധതി പ്രകാരം സുനാമി ബാധിച്ച മുഴുവൻ ജനങ്ങളുടെ വികസന പ്രവർത്തനത്തിനായി 10 പദ്ധതികൾക്കായി 9.95 കോടി രൂപ അനുവദിക്കുകയും ഈ തുകയിൽ 55 കോടി രൂപ ആദ്യ ഗഡുവായി ലഭിക്കുകയും ചെയ്തു. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2007-08-ൽ 7 പദ്ധതികൾക്കായി 15.51 കോടി രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 25 പദ്ധതി കൾക്കായി 4.172 കോടിരൂപയും 2009-10 സാമ്പത്തിക വർഷം 615.12 ലക്ഷം രൂപയും അനുവദിച്ചു. എന്നാൽ 2008-09 സാമ്പത്തിക വർഷത്തിൽ 4.172 കോടി രൂപ അനുവദിച്ചതിൽ 3 കോടി രൂപ മാത്രമേ ആദ്യഗഡുവായി ലഭിച്ചിട്ടുള്ളൂ.

2009-10 സാമ്പത്തികവർഷം ഇതുവരെ കേന്ദ്രാവിഷ്കൃത തുടർപദ്ധതികൾക്കായി 648.8 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

ക്ഷീരവികസന വകുപ്പ്:

തുക ലഭിച്ചിട്ടില്ല

മിൽമ:

ഓരോ പദ്ധതിക്കും അനുവദിച്ച തുക താഴെ കൊടുക്കുന്നു:

1. ശുദ്ധമായ പാൽ സംഭരണ പദ്ധതി (സി.എം്.പി.) 22.87 കോടി രൂപ
2. സമഗ്ര ക്ഷീരവികസന പദ്ധതി (ഐ.ഡി.ഡി.പി.) 19.70 കോടി രൂപ
3. സ്പെഷ്യൽ പാക്കേജ് ഇൻ സൂയിസൈഡ് ഡിസ്ട്രിക്ട് 1.44 കോടി രൂപ
4. ആർ.കെ.വി.വൈ. (Rastriya Krishi Vikas Yojana) 5.25 കോടി രൂപ

കേരളാ ഫീഡ്സ് ലിമിറ്റഡ്:

കരുനാഗപ്പള്ളിയിൽ സ്ഥാപിക്കുന്ന കാലിത്തീറ്റ ഫാക്ടറിക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിപ്രകാരം സഹായമായി ഇതിനോടകം 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുതലമടയിൽ സ്ഥാപിക്കുന്ന വൈക്കോൽക്കട്ട നിർമ്മാണ യൂണിറ്റിന് കേന്ദ്ര സർക്കാരിൽ നിന്ന് 21.25 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

കല്ലേറ്റുംകരയിൽ നിലവിൽ പ്രവർത്തിക്കുന്ന ഫാക്ടറിയുടെ നവീകരണത്തിനായി 35.46 ലക്ഷം രൂപ കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് :

ഹൈടെക് ഡയറി-6.00 കോടി

ഇടുക്കി പാക്കേജിനുകീഴിൽ 3 കോടി രൂപ

കുട്ടനാട് പാക്കേജിനുകീഴിൽ 2.25 കോടി രൂപ

(ഡി) മൃഗസംരക്ഷണ വകുപ്പ് :-

പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിയ്ക്കായി 10 കോടി രൂപയുടെ പദ്ധതി സമർപ്പിക്കുകയും ഈ പദ്ധതിക്ക് കേന്ദ്രത്തിന്റെ ഒറ്റത്തവണ ധനസഹായമായി 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി 3 കോടി രൂപ കേന്ദ്രത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിക്കുകയും പദ്ധതി ആവിഷ്കരിച്ചുവരികയുമാണ്. ഈ പദ്ധതി പ്രകാരം 6860 കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കും. ഒരു പശു, രണ്ട് ആട്, പത്ത് കോഴി അടങ്ങുന്ന 4500 യൂണിറ്റും, ഒരു എരുമ, പത്ത് താറാവ് അടങ്ങുന്ന 1250 യൂണിറ്റും, ഒരു എരുമ, രണ്ട് ടർക്കി, പത്ത് കോഴി അടങ്ങുന്ന 1110 യൂണിറ്റുമാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ മൂന്ന് ഘടകങ്ങളും ഓരോ പ്രാദേശിക മേഖലയ്ക്ക് അനുയോജ്യമായി നടപ്പിലാക്കുന്ന പദ്ധതികളാണ്. ഇതിൽ ബാക്കിയുള്ള 7 കോടി രൂപ ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടതാണ്. അതിന് നടപടി സ്വീകരിച്ചുവരുന്നു. 2009-10 സാമ്പത്തിക വർഷം ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി 7000 ഗർഭിണിയായ പശുക്കളെ വിതരണം ചെയ്യുന്ന 7 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

മിൽമ :

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റൻസീവ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം (ഐ.ഡി.ഡി.പി.) ക്ലീൻ മിൽക്ക് പ്രോഗ്രാം (സി.എം.പി.) എന്നിവ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളാണ്. കൂടാതെ കാലിത്തീറ്റയ്ക്ക് സബ്സിഡി, പുൽക്കൃഷി വികസന പദ്ധതി, സമ്മർ ഇൻസെന്റീവ്, കന്നുകാലി ഇൻഷ്വറൻസ് മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് :

ക്ഷീരധാരാ പദ്ധതി, ഗോസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഇ) മൃഗസംരക്ഷണ വകുപ്പ് :

പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതും സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ സാമ്പത്തിക വർഷം 3 തുടർപദ്ധതികൾക്കായി കേന്ദ്രസർക്കാരിന്റെ ധനസഹായത്തിനായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

1. കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ഉള്ള ധനസഹായം.

   75% കേന്ദ്രസഹായം-836.85 ലക്ഷം രൂപയുടെ പദ്ധതി.

2. കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി-100% കേന്ദ്രസഹായം. 100 ലക്ഷം രൂപയുടെ പദ്ധതി.

3. ഓപ്പറേഷൻ റിൻഡർപെസ്റ്റ് (കാലിവസന്ത നിർമ്മാർജ്ജന പദ്ധതി)-100% കേന്ദ്രാവിഷ്കൃത പദ്ധതി-50 ലക്ഷം രൂപയുടെ പദ്ധതി.

## ആതവനാട്ടെ കേരള ഫീഡ്സിന്റെ മിനറൽ മിക്സ്ചർ പ്ലാന്റിന്റെ നിർമ്മാണം

185 (190) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആതവനാട്ടെ നിർദ്ദിഷ്ട കേരള ഫീഡ്സ് കമ്പനിയുടെ മിനറൽ മിക്സ്ചർ പ്ലാന്റിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകും ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മിനറൽ മിക്സ്ചർ പ്ലാന്റിന്റെ ഗോഡൗൺ പണിയുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. യന്ത്രസാമഗ്രികളും സാങ്കേതികവിദ്യയും നിശ്ചയിക്കുന്നതിനായി ദേശീയ ക്ഷീരവികസന ബോർഡുമായി ചർച്ചകൾ നടന്നുവരികയാണ്. എത്രയും പെട്ടെന്ന് പ്രസ്തുത ചർച്ചകൾ പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിക്കും. പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം ആറ് മാസത്തിനകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.